# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LIII - JK 95** | **2025 December 14** | **No. 13**


## PASTORAL LETTER

# ജൂബിലി സമാപനം

### 2025 ഡിസംബർ 28 ഞായർ

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ജൂബിലി ആഘോഷങ്ങൾക്ക് 2025 ഡിസംബർ 28 ഞായറാഴ്ച സമാപനം കുറിക്കപ്പെടുകയാണ്. ഒരുവർഷം നീണ്ടുനിന്ന സർവ്വതലസ്പർശി യായ വിവിധ കർമ്മപദ്ധതികൾ നമ്മുടെ അതിരൂപതയിൽ ഫലപ്രദ മായിത്തന്നെ പൂർത്തിയാക്കുവാൻ നമുക്ക് സാധിച്ചു എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ജൂബിലി പരിപാടികളുടെ വിജയത്തി നായി പ്രവർത്തിച്ച ജൂബിലി കമ്മിറ്റിയിലെ എല്ലാ അംഗങ്ങളെയും, ജൂബിലിയാചരണത്തിന്റെ സവിശേഷ ഭാഗമായിരുന്ന ജൂബിലി കുരിശിന്റെ പ്രയാണത്തിന് നേതൃത്വം നൽകിയ കമ്മിറ്റിയെയും, എല്ലാ കർമ്മപരിപാടികളുടെയും വിജയത്തിനായി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്ന്യസ്തരെയും അല്മായ സഹോദരങ്ങളെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

ജൂബിലി സമാപനം, വിശ്വാസികളുടെമേൽ ലഭിച്ച ദൈവകൃപ യുടെയും ആത്മീയ നവീകരണത്തിന്റെയും പവിത്രമായ ഒരു കാല ഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. വത്തിക്കാനിൽ വച്ച് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ജൂബിലിയുടെ സമാപനം കുറിച്ച് ബസിലിക്കകളുടെ വിശുദ്ധ വാതിലുകൾ അടക്കുമ്പോൾ, ലോകത്തുള്ള എല്ലാ വിശ്വാസികളുടെയും ഹൃദയങ്ങളിൽ ആത്മീയ വാതിലുകൾ വിശാലമായി തുറക്കപ്പെടും. അതുവഴി ഈ ലോകത്തിനു മുൻപിൽ ദൈവത്തിന്റെ കരുണയും ക്രിസ്തീയ സാക്ഷ്യങ്ങളും പ്രബലപ്പെടും. ജൂബിലി വർഷത്തിൽ ഈ ലോകത്തോടുള്ള ദൈവ ത്തിന്റെ നിരന്തര കാരുണ്യത്തെയും വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക ആഹ്വാനത്തെയും കുറിച്ചാണ് നാം വിചിന്തനം ചെയ്തത്. ഏറ്റവും ഉപരിയായി ലോകത്തിന്റെ സമാധാനത്തിനും സാമൂഹ്യ നീതിയ്ക്കും വേണ്ടി പ്രാർത്ഥിക്കുവാനും പ്രയത്നിക്കുവാനും പരിശുദ്ധാത്മാ വിനാൽ സ്നാനമേറ്റ ഓരോ വ്യക്തിയ്ക്കും കടമയുണ്ടെന്നും തിരുസഭ ഈ ജൂബിലി വർഷത്തിൽ നമ്മെ പ്രത്യേകമായി ഓർമിപ്പിച്ചു.

ജൂബിലിയുടെ ഈ സമാപന നിമിഷം ഒരു അവസാനമല്ല, മറിച്ച് ഒരു പുതിയ തുടക്കമാണ്. ജൂബിലി ആചരണം വഴി ലഭിച്ച കൃപകൾ എല്ലാ കുടുംബങ്ങളിലും ഇടവകകളിലും പൊതുസമൂഹത്തിലും ആത്മീയ വളർച്ചയുടെ വിത്തുകൾ ആയി മാറ്റപ്പെടേണ്ടതുണ്ട്. ഈ ജൂബിലി ആഘോഷം നമ്മുടെ അതിരൂപത ഒരു കുടുംബമാണെന്ന ബോധ്യം നമുക്ക് സമ്മാനിച്ചു. എല്ലാ ജൂബിലി പ്രവർത്തനങ്ങളിലും കൂടുതൽ ഊർജ്ജസ്വലമായി പങ്കുചേരാൻ എല്ലാവർക്കും സാധിച്ചു. അതിന് നമുക്ക് ദൈവത്തിന് നന്ദി പറയാം. ദൈവാനുഗ്രഹത്തിന്റെ സമൃദ്ധിയ്ക്ക് മുന്നിൽ നമ്രശിരസ്ക്കരായി, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞ നന്മപ്രവർത്തനങ്ങളിലൂടെ ഇനിയും നമുക്ക് മുന്നേറേണ്ടതുണ്ട്. വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും നമുക്ക് ഈ ലോകത്തിനു മുൻപിൽ ക്രിസ്തുവിന്റെ സാക്ഷികൾ ആകാം. ആഴമേറിയ തീഷ്ണതയോടും സന്തോഷം നിറഞ്ഞ ഹൃദയ ത്തോടുംകൂടെ നമുക്ക് സുവിശേഷ പ്രഘോഷണ ദൗത്യം തുടരാം.

ജൂബിലിയാചരണം ഔദ്യോഗികമായി നമ്മുടെ അതിരൂപതയിൽ സമാപിക്കുന്ന ഡിസംബർ 28 ഞായറാഴ്ച വൈകിട്ട് 3.30 ന് ചാത്യാത്ത്

മൗണ്ട് കാർമ്മൽ ദൈവാലയത്തിൽനിന്നും ജൂബിലി കുരിശിന്റെ പ്രയാണം ഇരുചക്ര വാഹനങ്ങളുടെ അകമ്പടിയോടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിലേക്ക് സാഘോഷമായി നടത്തപ്പെടുന്നതാണ്. വൈകിട്ട് 5.30 ന് ജൂബിലി കുരിശിന് സ്വീകരണവും കുരിശിന്റെ പ്രതിഷ്ഠയും കത്തീഡ്രലിൽ നടത്തുന്നതാണ്. തുടർന്ന് എന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന സമൂഹ ദിവ്യബലിയിൽ ഭാരത മെത്രാൻ സമിതിയുടെ ഡെപ്യൂട്ടി സെക്രട്ടറി റവ. ഡോ. സ്റ്റീഫൻ ആലത്തറ വചന സന്ദേശം നൽകുന്നതാണ്. ജൂബിലിസമാപന സമൂഹദിവ്യബലിയിൽ അതിരൂപതയിലെ എല്ലാ വൈദികരും സംബന്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. എല്ലാ സന്യസ്തരെയും അല്മായ വിശ്വാസികളെയും സ്നേഹപൂർവ്വം ഞാൻ ക്ഷണിക്കുകയും ചെയ്യുന്നു. ദിവ്യബലിക്ക് ശേഷം '2026 ഇയർ പ്ലാനറി'ന്റെ പ്രകാശനവും വാടേൽ കരുണ സ്പെഷൽ സ്കൂളിലെ കുട്ടികളുടെ കലാവിരുന്നും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

ജൂബിലി വർഷത്തിൽ വിവിധ ഇടവകകളിലായി നിരവധി ജൂബിലി ഭവനങ്ങൾ നിർമ്മിച്ചു നൽകാൻ സാധിച്ചു എന്നുള്ളത് ഞാൻ നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ, ജൂബിലി കുരിശിന്റെ പ്രയാണത്തിലൂടെ ലഭിച്ച തുകയും ഇ.എസ്.എസ്.എസ്. വഴി തിരഞ്ഞെടുക്കപ്പെട്ട ജൂബിലി ഭവനങ്ങളുടെ നിർമ്മാണത്തിന് വിനിയോഗിക്കുന്നതാണെന്ന് അറിയിക്കുന്നു. ജൂബിലികുരിശിന്റെ പ്രയാണത്തിലൂടെ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ജൂബിലിസമാപനത്തിനുശേഷം നിങ്ങളെ അറിയിക്കുന്നതാണ്. ജൂബിലിയുടെ ഭാഗമായി സ്നേഹ ഭവനങ്ങൾ ഒരുക്കാൻ സന്മനസ്സോടെ സഹായിച്ച നിങ്ങളെ എല്ലാവരെയും ഞാൻ സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു.

ഞാൻ നേരത്തെ നിങ്ങളെ അറിയിച്ചിരുന്നതുപോലെ ജൂബിലി സ്മാരകമായി നാം പുനർനിർമ്മിക്കുന്ന മാലിപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിന്റെ ശിലാസ്ഥാപനം ഞാൻ നടത്തുകയുണ്ടായി. അതിന്റെ പുനർനിർമ്മാണത്തിനായുള്ള നമ്മുടെ സാമ്പത്തിക സഹായം നൽകുന്നതിനായി 2026 ജനുവരി മാസത്തിലെ ഒരു ഞായറാഴ്ചത്തെ സ്ത്രോത്രക്കാഴ്ച ഇടവകകളിൽ മുൻകൂട്ടി അറിയിപ്പു നൽകി ശേഖരിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. കൂടാതെ,

തിരുനാൾ ആഘോഷങ്ങളിലെ അമിത ചിലവ് ഒഴിവാക്കി ഒന്നു രണ്ട് ഇടവകകൾ മാതൃകാപരമായി ജൂബിലിസ്മാരക ദൈവാലയ പുനർനിർമ്മാണത്തിനായി സഹായം ഇതിനകം നൽകിയതുപോലെ സാധിക്കുന്ന ഇടവകകൾക്കും അഭിനന്ദനീയമായ ഈ രീതി അവലംബിക്കാവുന്നതാണെന്നും ഞാൻ അനുസ്മരിപ്പിക്കുന്നു. ഇത് നമ്മുടെ കൂട്ടായ്മയുടെയും മറ്റുള്ളവരെക്കുറിച്ചുള്ള നമ്മുടെ കരുതലിന്റെയും സ്നേഹത്തിന്റെയും അടയാളമാണെന്ന് നാം ഓർക്കണം. കൂടാതെ, ഈ ജൂബിലി വർഷത്തിൽ ജനിച്ച കുഞ്ഞുങ്ങളെ ഇടവകതലത്തിൽ ആദരിക്കുന്നതും അവർക്ക് കുഞ്ഞുസമ്മാനങ്ങൾ നൽകുന്നതും അഭികാമ്യമായിരിക്കുമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

പ്രത്യാശയുടെ തീർത്ഥാടകരായി നാം യാത്ര ചെയ്തു. നമ്മുടെ യാത്ര നാം തുടരുകയാണ്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു'. (റോമാ 5: 5). ഈ തിരുവചനം തുടർന്നും നമ്മെ ശക്തിപ്പെടുത്തട്ടെയെന്നും പരിശുദ്ധാത്മാവ് നമ്മെ സ്നേഹത്തിന്റെ പാതയിലൂടെ നയിക്കട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു. ആഗതമാകുന്ന പിറവി തിരുനാളിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഒരിക്കൽ കൂടി ഞാൻ ആശംസിക്കുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശിർവദിക്കുന്നു.

**എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 ഡിസംബർ 14-ാം തീയതി,**

എറണാകുളം — **✠ ജോസഫ് കളത്തിപ്പറമ്പിൽ**

14.12.2025 — *വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

---

N.B.: **ഈ ഇടയലേഖനം 2025 ഡിസംബർ 21-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## NOTIFICATION - 13

Dear Rev. Fathers / Sisters,

The Eccleciastical Calendar (Ordo 2026) is ready to be collected from the Curia. You are requested to collect them on payment (Rs. 180/-) at the earliest possible.

Ernakulam
14.12.2025

**Chancellor**
Archdiocese of Verapoly

# NOTIFICATION - 14

## വൈദികരുടെയും ദൈവാലയ ശുശ്രൂഷകരുടെയും പുതുക്കിയ അലവൻസും ദൈവാലയ തിരുക്കർമ്മങ്ങൾക്കുള്ള പുതുക്കിയ നിരക്കുകളും (ദെക്രേത്തും)

2025 ഡിസംബർ 1 മുതൽ ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രതിമാസ അലവൻസ് പതിനയ്യായിരം (₹15000) രൂപയും സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രതിമാസ അലവൻസ് പതിനാലായിരം (₹14,000) രൂപയും ആയിരിക്കും. ആഴ്ചയിൽ എല്ലാ ദിവസവും സബ്സ്റ്റേഷനുകളിൽ ദിവ്യബലിയർപ്പിക്കുന്ന വൈദികർക്ക് പ്രതിമാസം മൂവായിരം (₹3000) രൂപയും, ആഴ്ചയിൽ രണ്ടു ദിവസം സബ് സ്റ്റേഷനുകളിൽ ദിവ്യബലിയർപ്പിക്കുന്ന വൈദികർക്ക് പ്രതിമാസം രണ്ടായിരം (₹2000) രൂപയും, ആഴ്ചയിൽ ഒരുദിവസം സബ്സ്റ്റേഷനുകളിൽ ദിവ്യബലിയർപ്പിക്കുന്ന വൈദികർക്ക് പ്രതിമാസം ആയിരം (₹1000) രൂപയും നൽകേണ്ടതാണ്.

കപ്യാർമാരുടെ അടിസ്ഥാന അലവൻസ് പ്രതിമാസം എണ്ണായിരം (₹8000) രൂപ ആയിരിക്കും. കപ്യാർമാർക്ക് 300 വീടുകൾ അടിസ്ഥാനം എന്നുകണ്ട് അധികമായി വരുന്ന ഓരോ 100 വീടുകൾക്കും ഇരുന്നൂറു (₹200) രൂപ അധികമായി നൽകേണ്ടതാണ്.

എല്ലാ ദിവസവും ദിവ്യബലിയുള്ള സബ്സ്റ്റേഷനുകളിൽ ശുശ്രൂഷ ചെയ്യുന്ന കപ്യാർമാർക്ക് പ്രതിമാസം നാലായിരം (₹4000) രൂപയും, ആഴ്ചയിൽ രണ്ടുദിവസം ദിവ്യബലിയർപ്പിക്കപ്പെടുന്ന സബ്സ്റ്റേഷനുകളിൽ ശുശ്രൂഷ ചെയ്യുന്ന കപ്യാർമാർക്ക് പ്രതിമാസം രണ്ടായിരം (₹2000) രൂപയും, ആഴ്ചയിൽ ഒരു ദിവസം ദിവ്യബലിയർപ്പിക്കപ്പെടുന്ന സബ്സ്റ്റേഷനുകളിൽ ശുശ്രൂഷ ചെയ്യുന്ന കപ്യാർമാർക്ക് പ്രതിമാസം ആയിരം (₹1000) രൂപയും നൽകേണ്ടതാണ്.

ചെമ്മദോർമാരുടെ അടിസ്ഥാന അലവൻസ് പ്രതിമാസം മൂവായിരം (₹3000) രൂപ ആയിരിക്കും.

ദൈവാലയ ശുശ്രൂഷകർക്ക് ഒരുമാസത്തെ അടിസ്ഥാന അലവൻസ് ക്രിസ്തുമസിന് ശേഷം അതത് സാമ്പത്തിക വർഷത്തിന്റെ

അവസാനത്തിനുള്ളിൽ പാരിതോഷികമായി നൽകുന്ന രീതി തുടരേണ്ടതാണ്. കൂടാതെ, വിശുദ്ധവാരത്തിലെ ശുശ്രൂഷ പരിഗണിച്ച് വൈദികർ, കപ്യാർ, ഗായകസംഘം എന്നിവർക്ക് 2000 രൂപ, ചെമ്മദോറിന് 1000 രൂപ, അൾത്താരബാലകർക്ക് 500 രൂപ എന്നീ ക്രമത്തിലും പാരിതോഷികം നൽകേണ്ടതാണ്. വൈദികർക്കും ദൈവാലയ ശുശ്രൂഷകർക്കും അതിരൂപതാ ദെക്രേത്തു പ്രകാരമുള്ള തിരുക്കർമ്മ വിഹിതങ്ങളും നൽകേണ്ടതാണ്.

അതിരൂപതാ വൈദികസമിതി നിയോഗിച്ച പ്രത്യേക കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെയും 8 ഫൊറോനകളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ച "ദൈവാലയ തിരുക്കർമ്മങ്ങൾക്കുള്ള പുതുക്കിയ നിരക്കുകൾ (ദെക്രേത്തും)" അനുബന്ധമായി ചുവടെ നൽകുന്നു. പരിഷ്ക്കരിച്ച ദെക്രേത്തും 2026 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

എറണാകുളം
14.12.2025

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# ദൈവാലയതിരുക്കർമ്മങ്ങൾക്കുള്ള

| ഇനം | ആകെ | പള്ളി | കാർമ്മികൻ | കപ്യാർ |
|---|---|---|---|---|
| ഒറ്റക്കുർബാന | 150 | | 150 | |
| സാധാരണ പാട്ടുകുർബാന | 250 | 30 | 110 | 40 |
| മരിച്ചവർക്കുവേണ്ടിയുള്ള സ്പെഷൽ പാട്ടുകുർബാന | 1000 | 100 | 300 | 230 |
| വിവാഹത്തിന് പാട്ടുകുർബാന | 1600 | 150 | 500 | 350 |
| തിരുനാൾ ദിവ്യബലി | 1600 | 150 | 500 | 350 |
| വിവാഹ പരസ്യം | 200 | 100 | | 100 |
| വേസ്പര | 300 | 20 | 80 | 50 |
| പ്രദക്ഷിണം (ഹ്യസ്വം) | 500 | 50 | 110 | 90 |
| പ്രദക്ഷിണം (ദീർഘം) | 1000 | 150 | 230 | 150 |
| തെദേവും | 100 | 10 | 40 | 20 |
| ലിറ്റനി – തിരുനാൾ | 200 | 30 | 40 | 30 |
| കൊടികയറ്റം | 400 | 40 | 100 | 80 |
| കഴുന്ന് | 50 | 50 | | |
| മൃതസംസ്ക്കാരം | 500 | | | 125 |
| ഒപ്പീസ് | 100 | 20 | 30 | 20 |
| ദർശനം | 70 | 10 | | |
| പാട്ടനദ | 20 | | 10 | 4 |
| പുതിയ വീട് വെഞ്ചിരിപ്പ് | 500 | 100 | 200 | 200 |
| സീലി | 100 | | 75 | 25 |
| ജ്ഞാനസ്നാന സാക്ഷ്യപത്രം (ഇടവകക്കാർ ) | 100 | 50 | | 50 |
| ജ്ഞാനസ്നാന സാക്ഷ്യപത്രം (ഇതരഇടവകക്കാർ) | 100 | 50 | | 50 |

# പുതുക്കിയ നിരക്കുകൾ (ദെക്രേത്തും)

| ചെമ്മദോർ | പാട്ടുകാരൻ/ പാട്ടുകാരി | അൾത്താര ബാലന്മാർ | കൊമ്പ്രേരിയ | കുരിശ് വാഹകർ | ഓപ്പക്കാർ |
|---|---|---|---|---|---|
| | | | | | |
| 25 | 30 | 15 | | | |
| 130 | 170 | 70 | | | |
| 240 | 270 | 90 | | | |
| 240 | 270 | 90 | | | |
| | | | | | |
| 50 | 60 | 40 | | | |
| 80 | 100 | 70 | | | |
| 150 | 180 | 140 | | | |
| | 30 | | | | |
| 30 | 40 | 30 | | | |
| 60 | 80 | 40 | | | |
| | | | | | |
| 125 | 125 | 75 | 50 | | |
| | 30 | | | | |
| 20 | | | 20 | | 20 |
| | 6 | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

# അനുബന്ധം

1. a. പതിവായും, അതിരൂപതാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ചും സകലമരിച്ച വിശ്വാസികളുടെ ദിവസത്തിലും പരിശുദ്ധ പിതാവ്, പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ പ്രീഫെക്ട്, വരാപ്പുഴ മെത്രാപ്പോലീത്ത, അതതു ഇടവകയിൽ സേവനം ചെയ്തിട്ടുള്ള വൈദികർ എന്നിവർ മരിക്കുന്ന ദിവസത്തിലും നടത്തേണ്ടതായ ദിവ്യബലി, ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾക്ക് കാർമ്മികർക്കോ, ശുശ്രൂഷകർക്കോ യാതൊരു പ്രതിഫലവും കൊടുക്കുന്നതല്ല.

   b. ഇടവകയിൽ ജോലി ചെയ്തു മരിച്ചുപോയിട്ടുള്ള വൈദികർക്കായി വർഷം തോറും നവംബർ മാസത്തിൽ സൗകര്യമുള്ള ഒരു ദിവസം സംഗീതത്തോടു കൂടിയ ദിവ്യബലിയും ഒപ്പീസും പള്ളിയിൽ നിന്നു നടത്തേണ്ടതാകുന്നു.

   c. സംയുക്ത (Concelebrated) ദിവ്യബലിക്കു പ്രധാന കാർമ്മികനു നൽകുന്ന ഓഹരി മറ്റു വൈദികർക്കും നൽകേണ്ടതാണ്.

2. പ്രദക്ഷിണം - ഹ്രസ്വം : സാധാരണ പള്ളിപരിസരങ്ങളിൽ മാത്രം.

   ദീർഘം : പള്ളിപരിസരങ്ങൾക്കു പുറത്തും ഒരു കിലോമീറ്ററിൽ കവിയാത്തതും. കഴിവതും പ്രദക്ഷിണം ചുരുക്കി നടത്തുന്നതാണ് അഭികാമ്യം.

3. a. വിവാഹ ഉടമ്പടി, പരസ്യം, കുറി എന്നിവ ഉൾപ്പെടെ വിവാഹം കഴിക്കുന്നവർ തങ്ങളുടെ സാമ്പത്തിക കഴിവ് അനുസരിച്ചും 1000 രൂപയിൽ കുറയാതെയും സ്വന്തം ഇടവകയിൽ സംഭാവന നൽകേണ്ടതാണ്.

   b. വീഡിയോ എടുക്കുന്നവർ വീഡിയോ ഒന്നിന് 500 രൂപ വീതം നൽകണം.

4. a. ഇടവക വികാരി സ്ഥലത്തില്ലാത്തപ്പോൾ അയൽപള്ളിയിലെ വൈദികൻ കർമ്മം നടത്തുകയാണെങ്കിൽ അദ്ദേഹത്തിന് കാർമ്മികനുള്ള ഓഹരിയും യാത്രാച്ചെലവും ബന്ധപ്പെട്ടവർ കൊടുക്കണം.

   b. മരിച്ചവർക്ക് വേണ്ടിയുള്ള പ്രത്യേക ദിവ്യബലിയിൽ, സംഗീതോപകരണം കൈകാര്യം ചെയ്യുന്നയാൾക്കും ഗായകനും കുറഞ്ഞത് 750 രൂപ വീതം നൽകേണ്ടതാണ്.

   c. പുറത്തുനിന്നുള്ള വൈദികർ ഉണ്ടെങ്കിൽ കുറഞ്ഞത് 1000 രൂപ വീതം യാത്രാ ചിലവ് നൽകേണ്ടതുണ്ട്.

   d. മൃതസംസ്കാരത്തിന് കുഴിവെട്ടിക്കുള്ള കൂലി അതാത് ഇടവകകളിൽ നിശ്ചയിക്കപ്പെട്ട രീതിയിൽ നൽകുക.

e. മൃതസംസ്ക്കാരത്തിന് കുരിശുവാഹകന് 200 രൂപയും തിരിവാഹകർക്ക് 100 രൂപയും മറ്റ് ഓപ്പക്കാർ ഉണ്ടെങ്കിൽ 100 രൂപയും നൽകേണ്ടതാകുന്നു. ഓപ്പക്കാരുടെ എണ്ണം പരേതന്റെ ബന്ധുക്കളുമായി മുൻകൂറായി നിശ്ചയിക്കുക. കുഴിക്കാണമായി 500 രൂപയും നൽകണം.

5. ഏസ്തിക്ക് പാസ്ക്കൽ തിരി കൂടാതെ നാലു തിരികൾ കത്തിക്കണം.

6. കപ്പേളകളിൽ തിരുനാൾ തിരുക്കർമ്മങ്ങൾ നടത്തുന്നതിന് കാർമ്മികർക്കും ശുശ്രൂഷകർക്കും അമ്പതുശതമാനം കൂടുതലും യാത്രാച്ചെലവും ഭക്ഷണ ച്ചെലവും നല്കേണ്ടതാണ്.

7. പതിവു സമയത്തിനുശേഷം നടത്തുന്ന തിരുക്കർമ്മങ്ങൾക്ക് വൈദ്യുതി ഉപഭോഗത്തിലേക്ക് 300 രൂപയിൽ കുറയാതെ ഈടാക്കാവുന്നതാണ്.

8. നൊവേന / തീർത്ഥാടനകേന്ദ്രങ്ങളിൽ അടിമ നേർച്ചയുടെ ഓഹരികൾ കൊടുക്കുന്നതല്ല. എന്നാൽ സേവനത്തിന് അർഹതപ്പെട്ട ധർമ്മം നൽകേണ്ടതാണ്.

9. വിശുദ്ധവാരത്തിൽ സഹായത്തിന് പുറമേനിന്ന് വൈദികരെ ക്ഷണിച്ചാൽ അവരുടെ യാത്രാച്ചെലവും ഭക്ഷണച്ചെലവും അവരുടെ സഹായത്തിന്റെ തോതനുസരിച്ച് പ്രതിഫലവും കൊടുക്കേണ്ടതാണ്. ഇടവകയിൽ സേവനം ചെയ്യുന്ന വൈദികർക്കും മറ്റു ദൈവാലയ ശുശ്രൂഷകർക്കും വിശുദ്ധവാരത്തിൽ അവരുടെ സേവനത്തിന് ആനുപാതികമായ പ്രത്യേക പ്രതിഫലം നൽകേണ്ടതാണ്.

NB. **പുതുക്കിയ നിരക്കുകൾ 2026 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.**

എറണാകുളം
14.12.2025

✠ *ജോസഫ് കളത്തിപറമ്പിൽ*
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21